## വിക്ടേഴ്സ് ചാനലിൽ വരുന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

22 -12-2020

### കേരള പാഠാവലി- X

### പ്രലോഭനം - 04

മുൻ ക്ലാസ്സിൽ നൽകിയ തുടർപ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

■കഥാപാത്ര നിരൂപണം തയ്യാറാക്കുക - കലി

■പ്രലോഭനം എന്ന തലവാചകത്തിന്റെ ഔചിത്യം പരിശോധിക്കുക.

കഥകളിയുടെ ചടങ്ങുകൾ വിശദീകരിച്ചു.

■ കേളികൊട്ട് -

കഥകളിയുണ്ടെന്നുള്ള വിവരം ആളുകളെ അറിയിക്കാൻ സന്ധ്യയ്ക്ക് മുമ്പ് നടത്തുന്ന മേളം. ചെണ്ട, ചേങ്ങില, മദ്ദളം, ഇലത്താളം എന്നീ വാദ്യങ്ങൾ ഉപയോഗിക്കുന്നു.

■ കേളിക്കൈ (അരങ്ങുകേളി )

കഥകളി ആരംഭിക്കാറായി എന്നറിയിക്കുന്ന ചടങ്ങ്. കളിവിളക്ക് തെളിയിച്ച ശേഷം നടത്തുന്നു.

ചെണ്ട ഒഴികെയുള്ള ബാക്കി മൂന്ന് വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു.

■ തോടയം -

രംഗപൂജ.

കുട്ടി വേഷക്കാർ തിരശ്ശീലയ്ക്ക് പിറകിൽ നിന്നും ഇഷ്ടദേവതമാരെ സ്തുതിച്ച് കൊണ്ട് നടത്തുന്ന നൃത്തം.

■വന്ദനശ്ലോകം -

ഗണപതി, സരസ്വതി, ശിവൻ, ദേവി എന്നിവരെ സ്തുതിച്ച് കൊണ്ട് പാട്ടുകാരൻ ശ്ലോകങ്ങൾ ആലപിക്കുന്ന ചടങ്ങ്.

■ പുറപ്പാട് -

ഒരു പുരുഷവേഷവും സ്ത്രീവേഷവും ചേർന്ന് തിരശ്ശീലയ്ക്ക് പിന്നിലും പിന്നീട് തിരശ്ശീല മാറ്റിയും നടത്തുന്ന നൃത്തം. കൃഷ്ണ വേഷമാണ് പുറപ്പാടിൽ രംഗപ്രവേശം ചെയ്യുന്നത്.

■ മേളപ്പദം (മഞ്ജുതര) -

പാട്ടുകാരുടെ പ്രാഗല്ഭ്യവും മേളക്കാരുടെ നൈപുണ്യവും തെളിയിക്കുന്ന ചടങ്ങ്. ഗീതഗോവിന്ദത്തിലെ -മഞ്ജുതര കുഞ്ജതല കേളിസദനേ - എന്ന പദം പാട്ടുകാർ പാടുന്നു.

■ കഥാരംഭം -

പാട്ടുകാർ കഥാസന്ദർഭം സൂചിപ്പിക്കുന്ന ശ്ലോകം ചൊല്ലുന്നതോടെ കഥാപാത്രങ്ങൾ രംഗപ്രവേശം ചെയ്യുന്നു.

കഥകളിയിലെ അഭിനയ രീതികൾ വിശദമാക്കി.

■നാടകം, സിനിമ തുടങ്ങിയവയിലെ അഭിനയ രീതിയെ ലോകധർമ്മി എന്നാണ് പറയുക. ആളുകൾക്ക് വേഗം കാര്യങ്ങൾ ഗ്രഹിക്കാനാകുന്നതും എളുപ്പം അഭിനയിക്കാനാകുന്നതുമായ രീതിയാണിത്.

■ശാസ്ത്രീയമായ ചിട്ടവട്ടങ്ങളുള്ളതും മുദ്രകൾ വഴി ആശയ സംവേദനം നടത്തുന്നതുമായ അഭിനയരീതിയാണ്
നാട്യധർമ്മി .
കഥകളിയിലെ അഭിനയ രീതി നാട്യധർമ്മിയാണ്.
ആഹാര്യം - വേഷഭൂഷണങ്ങൾ കൊണ്ട് ആളുകളെ ആകർഷിക്കുന്ന അഭിനയം.
ആംഗികം -
അംഗങ്ങൾ, പ്രത്യംഗങ്ങൾ, ഉപാംഗങ്ങൾ ഇവ ഉപയോഗപ്പെടുത്തിയുള്ള അഭിനയം.
സാത്വികം-
കണ്ണുനീർ , രോമാഞ്ചം, വിറയൽ എന്നിങ്ങനെയുള്ള എട്ടുതരം സാത്വികഭാവങ്ങളുടെ അഭിനയം.
വാചികം -
വാക്കുകളുടെ ഉച്ചാരണത്തിലൂടെ ഭാവങ്ങളും വികാരങ്ങളും പ്രകടിപ്പിക്കുന്ന അഭിനയം .
നാട്യശാസ്ത്രത്തിൽ അഭിനയത്തെ നാലായ് തിരിച്ചത് ഇപ്രകാരമാണ്.
ഇതിൽ വാചികാഭിനയം കഥകളിൽ ഇല്ല.
പാട്ടുകരാണ് കഥകളിയിലെ വാചികമായ ഭാഗം അവതരിപ്പിക്കുന്നത്. വേഷക്കാർ അതിനനുസൃതമായി ആംഗ്യ ഭാഷയിൽ അതിന്റെ അർത്ഥം അഭിനയിച്ച് കാണിക്കും.
ഇതിനെ ചൊല്ലിയാട്ടം എന്ന് പറയുന്നു.
ചൊല്ലിയാട്ടം കഴിഞ്ഞാൽ വേഷക്കാർ നൃത്തരീതി മാറ്റുന്നു. ഇതിനെ കലാശമെടുക്കുക, കലാശം ചവിട്ടുക എന്നൊക്കെ പറയുന്നു.
കലാശം കഴിഞ്ഞാൽ ഇളകിയാട്ടം എന്ന അഭിനയമാണ് നടത്തുക. ഇത് നടന്റെ വക മനോധർമ്മാഭിനയമാണ്.
കഥകളി മുദ്രകൾ പരിചയപ്പെടുത്തി.
■ ഹസ്തലക്ഷണ ദീപിക എന്ന നാട്യ ശസ്ത്ര ഗ്രന്ഥത്തിൽ നിന്നുമാണ് കഥകളി മുദ്രകൾ സ്വീകരിച്ചിട്ടുള്ളത്.
24 മുദ്രകളാണ് കഥകളിയിൽ ഉപയോഗിക്കുന്നത്.
■ മുദ്രകൾ കഥകളിക്കളരിയിൽ പരിശീലിക്കുന്നതിന്റെ വീഡിയോ കാണിച്ചു.
മുദ്രകൾ :
പതാകം, മുദ്രാഖ്യം, കടകം, മുഷ്ടി, കർത്തരീ മുഖം, ശുകതുണ്ഡം, കപിത്ഥകം, ഹംസപക്ഷം, ശിഖരം, ഹംസാസ്യം, അഞ്ജലി ,അർധചന്ദ്രം, മുകുരം, ഭ്രമരം, സൂചീമുഖം, പല്ലവം, ത്രിപതാകം, മൃഗശീർഷകം, സർപശിരസ്, വർദ്ധമാനകം, അരാളം, ഊർണ്ണനാഭം, മുകുളം, കടകാമുഖം.

പാഠഭാഗം വേഷമില്ലാതെ ചൊല്ലിയാടുന്നത് കാണിച്ചു.
കലാകരൻ: സദനം ഭാസി .

കല സാധനാലഭ്യമാണെന്ന് (അനുശീലനത്തിലൂടെ / നിരന്തര പരിശീലനത്തിലൂടെ ആർജിക്കുന്നതാണ്) പറയുന്നതിന്റെ പൊരുൾ കഥകളിക്കളരി കാണിച്ച് കൊണ്ട് വ്യക്തമാക്കി.

നവരസങ്ങൾ ഓരോന്നും അഭിനയിച്ച് കാണിച്ചു.

ശൃംഗാരം, വീരം, അത്ഭുതം, കരുണം, ഹാസ്യം, ഭയാനകം, ബീഭത്സം, രൗദ്രം, ശാന്തം

കഥകളിയുമായി ബന്ധപ്പെട്ട് ഭാഷയിൽ ഉണ്ടായ ചില ശൈലികൾ പരിചയപ്പെടുത്തി.

■ ശ്ലോകത്തിൽ കഴിക്കുക -

ചുരുക്കിപ്പറയുക

■ കേളികൊട്ടുക -

ആരംഭം കുറിക്കുക.

■ ശിങ്കിടിപാടുക -

കാര്യമറിയാതെ ഏറ്റുപറയുക / ഏറ്റുപിടിക്കുക

നളചരിതം അടക്കഥയുടെ ചില സവിശേഷതകൾ വ്യക്തമാക്കി.

ഉണ്ണായി വാര്യരുടെ കാവ്യരചനാപാടവം, കലാമർമ്മജ്ഞത, ജീവിത ചിന്ത, നിരീക്ഷണപാടവം ഇവ വ്യക്തമായി പ്രതിഫലിച്ച് കാണുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ .

മലയാള ശാകുന്തളം എന്ന് വിശേഷിപ്പിക്കപ്പെട്ട കൃതിയാണ് നളചരിതം.

മനുഷ്യ ജീവിത വൈചിത്ര്യങ്ങൾ, ജീവിതത്തിന്റെ ഗതിവിഗതികൾ ഇവ ചിത്രീകരിക്കുന്ന നളചരിതം വായിച്ചും, കേട്ടും, കണ്ടും രസിക്കാവുന്ന രചനയാണ്.

സംഗീതം, സാഹിത്യം, അഭിനയം എന്നിവയുടെ എല്ലാ സാധ്യതകളും തുറന്നിടുന്ന കൃതിയാണ് നളചരിതം

കഥാപാത്രസൃഷ്ടി , കഥാഘടന, സംഭാഷണം, കഥാപാത്ര മനോഭാവം, നാടകീയത ഇവയിൽ നളരിതം മികച്ചു നിൽക്കുന്നു.

ശബ്ദസൗന്ദര്യത്തോടൊപ്പം അർത്ഥപുഷ്ടിയും ചേരുന്നത് നളചരിതത്തെ മഹത്തരമായ രചനയാക്കുന്നു.

പ്രമുഖരായ ആട്ടക്കഥാകാരന്മാരെയും അവരുടെ അടക്കഥകളെയും പരിചയപ്പെടുത്തി.

■ കൊട്ടാരക്കര തമ്പുരാൻ -

രാമനാട്ടം

■ കോട്ടയത്ത് തമ്പുരാൻ -

കിർമീരവധം, ബകവധം, കല്ല്യാണ സൗഗന്ധികം.

■ ഉണ്ണായി വാര്യർ -

നളചരിതം

■ ഇരയിമ്മൻ തമ്പി -

ഉത്തരാസ്വയംവരം, കീചകവധം, ദക്ഷയാഗം.

## തുടർ പ്രവർത്തനങ്ങൾ

1. കഥകളിയുമായി ബന്ധപ്പെട്ട് ഭാഷയിൽ നിലവിൽ വന്ന ശൈലികൾ , ചൊല്ലുകൾ എന്നിവ കണ്ടെത്തി വ്യാഖ്യാനിക്കുക.

2.

കഥകളിയുടെ ചരിത്രം

അഭിനയരീതികൾ

കഥകളി സംഗീതം

കഥകളി വേഷങ്ങൾ

കഥകളി വാദ്യങ്ങൾ

കഥകളി ചടങ്ങുകൾ

ഈ ഉപശീർഷകങ്ങൾ  ഉൾപ്പെടുത്തിക്കൊണ്ട് കഥകളിയെ കുറിച്ച് ഒരു വെബിനാർ സംഘടിപ്പിക്കുക.

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം